പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3080 13.03.2018-ലെ മറുപടിക്ക്

# റാന്നിയിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

(എ) റാന്നിയിൽ കെ എസ് ആർ ടി സി - യുടെ എത്ര സർവ്വീസുകളാണ് ഉള്ളത്; ഇവിടെ എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; എത്ര ജീവനക്കാരുടെ കുറവാണ് ഇപ്പോഴുള്ളത് എന്ന് തസ്തിക തിരിച്ച് പറയാമോ;

(എ) റാന്നിയിൽ കെ.എസ്.ആർ.ടി.സി.യുടെ 18 സർവ്വീസുകളും, കെ.യു.ആർ.ടി.സി.യുടെ 2 സർവ്വീസുകളുമാണ് ഉള്ളത്. റാന്നി യൂണിറ്റി ലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | നിലവിലുള്ള ജീവനക്കാർ | |
|---|---|---|---|
| | | സ്ഥിരം | എംപാനൽ |
| 1 | ഇൻസ്പെക്ടർ ഇൻ ചാർജ്ജ് | 1 | 0 |
| 2 | അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ | 1 | 0 |
| 3 | ചാർജ്ജ്മാൻ | 1 | 0 |
| 4 | സ്റ്റേഷൻ മാസ്റ്റർ | 2 | 0 |
| 5 | വെഹിക്കിൾ സൂപ്പർവൈസർ | 1 | 0 |
| 6 | മിനിസ്റ്റീരിയൽ | 1 | 1 |
| 7 | ഡ്രൈവർ | 32 | 3 |
| 8 | കണ്ടക്ടർ | 15 | 21 |
| 9 | മെക്കാനിക്ക് | 8 | 1 |
| 10 | ഗാർഡ് | 0 | 2 |

കുറവുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു. കണ്ടക്ടർ - 4, ഡ്രൈവർ - 6, മെക്കാനിക്ക് - 1.

| | | | |
|---|---|---|---|
| (ബി) | ജീവനക്കാരുടെ കുറവ് സർവ്വീസുകളെ ബാധിക്കാറുണ്ടോ; ജീവനക്കാരുടെ കുറവുമൂലം ദിവസേന എത്ര സർവ്വീസുകൾ മുടങ്ങാറുണ്ട്; | (ബി) | ഉണ്ട്.<br>2017 ഡിസംബറിൽ 5 ദിവസങ്ങളിൽ ഓരോ ഷെഡ്യൂളും, 2018 ജനുവരി മാസത്തിൽ 6 ദിവസങ്ങളിലായി ഓരോ ഷെഡ്യൂളും, 2018 ഫെബ്രുവരി മാസത്തിൽ 5 ദിവസങ്ങളിലായി ആകെ 7 ഷെഡ്യൂളും ഡ്രൈവർമാരുടെ കുറവ് മൂലം മുടങ്ങിയിട്ടുണ്ട്. |
| (സി) | മറ്റു ഡിപ്പോകളിൽ നിന്നും എത്ര ജീവനക്കാരെയാണ് റാന്നിയിലേക്ക് സ്ഥലം മാറ്റിയത്; ഇതിൽ എത്രപേർ ഇപ്പോൾ റാന്നിയിൽ എത്തുന്നുണ്ട്; സ്ഥലം മാറ്റിയ ഡിപ്പോകളിൽ നിന്നും ജീവനക്കാരെ വിടാതിരിക്കുന്നതിനാൽ റാന്നി ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ സ്ഥലം മാറ്റിയ മുഴുവൻ ജീവനക്കാരേയും റിലീവ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം 7 സ്ഥിരം കണ്ടക്ടർമാരും 4 സ്ഥിരം ഡ്രൈവർമാരും റാന്നി യൂണിറ്റിലേക്ക് സ്ഥലംമാറി വന്നിട്ടുണ്ട്. സ്ഥലംമാറ്റിയ ഡിപ്പോകളിൽ നിന്നും ജീവനക്കാരെ വിടുതൽ ചെയ്തിട്ടുണ്ട്. സ്ഥലംമാറ്റിയ ഡിപ്പോകളിൽ നിന്നും ജീവനക്കാരെ വിടാതിരിക്കുന്നതിനാൽ റാന്നി ഓപ്പറേറ്റിംഗ് സെന്ററിന്റെ പ്രവർത്തനം തടസപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**